"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് പുതിയ 2 വാഹനങ്ങൾ വാങ്ങുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(കൈ) നം.16/2025/F&P തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-
1. സ.ഉ.(കൈ) 72/2013/പൊ.ഭ.വ തീയതി 14/03/2013.
2. സ.ഉ.(അ) നം.27/2025/ധന തീയതി 18/03/2025.
3. മത്സ്യബോർഡ് കമ്മീഷണറുടെ 03/01/2025-ലെ KFWFB/320/2024-E നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) ലെ ഉത്തരവിന് വിധേയമായി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരാതെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് സ്വന്തം ഫണ്ട് ഉപയോഗിച്ച് 12 ലക്ഷത്തിൽ താഴെ വീതം വില വരുന്ന രണ്ട് പുതിയ വാഹനങ്ങൾ GeM പോർട്ടൽ മുഖേന വാങ്ങുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ.

ധനകാര്യ വകുപ്പ് (29.04.2025-ലെ PU-C4/25/2025-FIN നമ്പർ കുറിപ്പ് പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്(25.06.2025 ലെ കുറിപ്പിലെ ഇനം നം 3077 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂസ് മീഡിയ) വകുപ്പ്.
കരുതൽ ശേഖരം (3015769-A1/5/2025-F&PD)

ഉത്തരവിൻ പ്രകാരം
Signed by
Aswathy M L
Date: 26-06-2025 16:36:22

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 25-06-2025**

ഫയൽ നം. എ1/5/2025/മ.തു.വ. ഇനം നം: 3077

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കേന്ദ്ര കാര്യാലയത്തിലെ ഔദ്യോഗിക ആവശ്യങ്ങൾക്കായി 2 പുതിയ വാഹനങ്ങൾ വാങ്ങുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

JS (Fish)
for n/a - Today
26/6/25

3077

**കേരള സർക്കാർ**
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | **എ 1/5/2025/മ.തു.വ** |
| 2 | വകുപ്പ് | മത്സ്യബന്ധന തുറമുഖ (എ) വകുപ്പ് |
| 3 | വിഷയം | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കേന്ദ്ര കാര്യാലയത്തിലെ ഔദ്യോഗിക ആവശ്യങ്ങൾക്കായി 2 പുതിയ വാഹനങ്ങൾ വാങ്ങുന്നത്.- സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31.05.2025 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതേ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീ.അബ്ദുൽ നാസർ.ബി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 13.06.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21.06.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.സജി ചെറിയാൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 24.06.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24.06.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കേന്ദ്ര കാര്യാലയത്തിലെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരാതെ മത്സ്യബോർഡിന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ച് 12 ലക്ഷത്തിൽ താഴെ വില വരുന്ന രണ്ട് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ് .

2. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കേന്ദ്ര കാര്യാലയത്തിലും 5 മേഖലാ ഓഫീസുകളിലുമായി രണ്ട് വാഹനങ്ങൾ മാത്രമാണ് സ്വന്തമായി ഉള്ളത്. ആയതിനാൽ ബോർഡിന്റെ ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായും സുഗമമായും നടപ്പിലാക്കുന്നതിന് സ്വന്തമായുള്ള വാഹനത്തിന്റെ അപര്യാപ്തതമൂലം തടസ്സം നേരിടുന്നു എന്നും അടിയന്തര സാഹചര്യങ്ങളിൽ ഉദ്യോഗസ്ഥർക്കും ബോർഡ് അംഗങ്ങൾക്കും മത്സ്യത്തൊഴിലാളി മേഖലയിൽ എത്തിച്ചേരുന്നതിന് വാഹനം വാടകയ്ക്ക് എടുക്കേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും കേന്ദ്ര കാര്യാലയങ്ങളിലെയും രണ്ട് മേഖല ഓഫീസുകളിലെയും വാഹനങ്ങൾ 15 വർഷം പൂർത്തിയായതിനാൽ സർക്കാർ ഉത്തരവിന്റെ ഭാഗമായി നിരാകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് എന്നും മത്സ്യ ബോർഡ് കമ്മീഷണർ അറിയിക്കുകയുണ്ടായി.കൂടാതെ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് തനത് ഫണ്ട് ഉപയോഗിച്ച് കേന്ദ്ര കാര്യാലയത്തിലേക്ക് 12 ലക്ഷത്തിൽ താഴെ വില വരുന്ന രണ്ട് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നും മത്സ്യബോർഡ് കമ്മീഷണർ അപേക്ഷിച്ചിരിക്കുന്നു.

3. മത്സ്യബോർഡിന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ച് 12 ലക്ഷത്തിൽ താഴെ വില വരുന്ന രണ്ട് പുതിയ വാഹനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് 29.04.2025 ലെ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*" 18.03.2025 -ലെ സ.ഉ. (അ) നം 27/ 2025 / ധന സർക്കാർ ഉത്തരവിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ടി ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരാതെ മത്സ്യബോർഡിന് സ്വന്തം ഫണ്ട് ഉപയോഗിച്ച് 12 ലക്ഷത്തിൽ താഴെ വില വരുന്ന രണ്ട് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകാവുന്നതാണ്.*

*ഇതിന് ബഹു: ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട് "*

4. എന്നാൽ 14/03/2013 ലെ സ.ഉ.(കൈ) .72/2013/പൊ.ഭ.വ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയ്ക്കു മുകളിൽ വില വരുന്ന വാഹനങ്ങൾ വാങ്ങുന്നതിനു മന്ത്രിസഭയുടെ അനുമതി വാങ്ങേണ്ടതുണ്ട്. ആയതിനാൽ 18.03.2025 -ലെ സ.ഉ. (അ) നം 27/ 2025 / ധന ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരാതെ മത്സ്യബോർഡിന് സ്വന്തം ഫണ്ട് ഉപയോഗിച്ച് 12 ലക്ഷത്തിൽ താഴെ വില വരുന്ന രണ്ട് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിൽ ഉത്തരവിനായി ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. ബഹു.മുഖ്യമന്ത്രി 31.05.2025 തീയതിയിൽ ടി വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ ഉത്തരവാകുകയുണ്ടായി.

<u>**തീരുമാനമെടുക്കേണ്ട വിഷയം**</u>

18.03.2025 -ലെ സ.ഉ. (അ) നം 27/ 2025 / ധന ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരാതെ

● കേന്ദ്ര കാര്യാലയത്തിലെ ഔദ്യോഗിക ആവശ്യത്തിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് സ്വന്തം ഫണ്ട് ഉപയോഗിച്ച് 12 ലക്ഷത്തിൽ താഴെ വീതം വില വരുന്ന രണ്ട് പുതിയ വാഹനങ്ങൾ GeM പോർട്ടൽ മുഖേന വാങ്ങുന്നതിന് മത്സ്യബോർഡ് കമ്മീഷണർക്ക് അനുമതി നല്കാവുന്നതാണോ?